(ബി) 256.73 കോടി രൂപ

(സി) കേരള സംസ്ഥാന സഹകരണ ബാങ്കിൽനിന്നും വായ്പ എടുത്തിട്ടില്ല.

19 (1468) സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ്

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ പാപ്പനംകോട് പ്രവർത്തിച്ചുവരുന്ന സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ് എന്ന സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യമെന്താണെന്ന് വിശദമാക്കുമോ;

(ബി) ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കൂടുതൽ വിപുലമാക്കുന്ന കാര്യം സർക്കാർ പരിഗണയിലുണ്ടോ;

(സി) സർക്കാർ ജീവനക്കാരല്ലാത്തവർക്ക് ഈ സ്ഥാപനത്തിൽ പരിശീലനം ലഭിക്കുവാൻ നിലവിൽ വ്യവസ്ഥയുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) ഈ സ്ഥാപനത്തെ ഒരു ആധുനിക ഗവേഷണ കേന്ദ്രമായി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുധനകാര്യവും നയവും, നികുതി നിയമം എന്നിവയെ സംബന്ധിച്ച് ഗവേഷണപഠനങ്ങൾ നടത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക; ഈ രംഗത്ത് പരിശീലനം കൊടുക്കുക; നികുതിയുമായി ബന്ധപ്പെട്ട സാമ്പത്തിക, വാണിജ്യ, നിയമ വശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ധനകാര്യത്തിലും നിയമത്തിലും ഒരു പുതിയ വിജ്ഞാനശാഖ വികസിപ്പിക്കുക; കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാരുകൾക്ക് ആവശ്യമായ ഗവേഷണ പഠനങ്ങൾ നടത്തിക്കൊടുക്കുക; ധനകാര്യവും നയവും സംബന്ധിച്ച വിവരങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ, റിപ്പോർട്ടുകൾ, ലഘുലേഖകൾ, ഗവേഷണ പ്രബന്ധങ്ങൾ, പുസ്തകങ്ങൾ എന്നിവ വഴി വ്യാപിപ്പിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.

(ബി) ഇപ്പോൾ പരിഗണനയില്ല.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഈ സ്ഥാപനം ഇപ്പോൾ തന്നെ ഒരു ഗവേഷണ കേന്ദ്രമാണ്.

20 (1469) വിവിധ കറൻസികളുടെ രൂപത്തിൽ മാറ്റം വേണമെന്ന ആവശ്യം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂറുരൂപയുടെയും അഞ്ഞൂറുരൂപയുടെയും കറൻസിനോട്ടുകൾ തമ്മിലുള്ള സാദൃശ്യവും സമാനതയും ഇവ തമ്മിലുള്ള നിർണ്ണയം എളുപ്പമല്ലാതാക്കുകയും ജനങ്ങൾക്ക് നഷ്ടം വരുത്തുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly